**Malayala Manorama**

**19 August 2018**

**Kochi, Road Traffic Stopped, Ernakulam-Angamaly Road**



# എറണാകുളം – അങ്കമാലി റോഡ് ഗതാഗതം വീണ്ടും നിർത്തി

■ പൊലീസ് തടഞ്ഞത് ആലുവ വഴിയുള്ള യാത്ര

**മനോരമ ലേഖകൻ**

കൊച്ചി • എറണാകുളത്തുനിന്നു തൃശൂർ ഭാഗത്തേക്കുള്ള റോഡ് ഗതാഗതം ഭാഗികമായി പുനഃസ്ഥാപിച്ചെങ്കിലും വൈകിട്ടോടെ നിർത്തലാക്കി. ബസുകളും ചെറിയ വാഹനങ്ങളും സർവീസ് നടത്തുന്നില്ല. കളമശേരിയിൽനിന്ന് അങ്കമാലി വരെ ടിപ്പർ ലോറികളിലാണ് ഉച്ചയ്ക്കു യാത്രക്കാരെ കൊണ്ടുപോയത്. അങ്കമാലിയിൽനിന്നു തൃശൂരിലേക്കു കെഎസ്ആർടിസി ബസുകളോടിക്കുന്നുണ്ട്. എന്നാൽ, ആലുവ വഴിയുള്ള യാത്ര വൈകിട്ടോടെ പൊലീസ് ഇടപെട്ട് നിർത്തലാക്കി.

എറണാകുളം - പറവൂർ റോഡിൽ ചെറിയപ്പിള്ളി പാലം വരെ വാഹനങ്ങൾ പോകുന്നുണ്ട്. ചെറിയപ്പള്ളിയിലെ ഗതാഗതതടസ്സം മൂലം കൊടുങ്ങല്ലൂർ, ഗുരുവായൂർ ഭാഗങ്ങളിലേക്കു വാഹനങ്ങൾ പോകുന്നില്ല. പറവൂർ - നെടുമ്പാശേരി റൂട്ടിലും പറവൂർ - ആലുവ റൂട്ടിലും ഗതാഗത തടസ്സമുണ്ട്.

എംസി റോഡിൽ പെരുമ്പാവൂർ വല്ലം ഭാഗത്തു 10 മീറ്റർ റോഡിന്റെ മുകൾഭാഗം ഒലിച്ചു പോയി. ബസുകളും ചരക്കു വാഹനങ്ങളും കടത്തിവിടുന്നില്ല. കൊച്ചി - ധനുഷ്കോടി ദേശീയപാതയിൽ മൂവാറ്റുപുഴ മേഖലയിൽ ഗതാഗതതടസ്സം തുടരുകയാണ്. കോതമംഗലത്തു മൂവാറ്റുപുഴ മുതൽ നേര്യമംഗലം വരെ ഗതാഗതം പുനഃസ്ഥാപിച്ചു.

ഇടുക്കി റോഡിൽ നേര്യമംഗലം മുതൽ പലഭാഗത്തും മണ്ണിടിഞ്ഞു ഗതാഗതം തടസ്സപ്പെട്ടു. ആലുവ - പെരുമ്പാവൂർ റോഡിലും വാഹനങ്ങൾ ഓടുന്നില്ല. കോതമംഗലത്ത് ആലുവ - മൂന്നാർ റോഡിൽ പെരുമ്പാവൂർ വരെ ഗതാഗതം പുനഃസ്ഥാപിച്ചു.

വൈറ്റില മൊബിലിറ്റി ഹബിലും കെഎസ്ആർടിസി ബസ് സ്റ്റാൻഡിലും വൻ തിരക്കാണ് ഇന്നലെ അനുഭവപ്പെട്ടത്. കെഎസ്ആർടിസി അര മണിക്കൂർ ഇടവേളയിൽ തിരുവനന്തപുരത്തേക്ക് ആലപ്പുഴ വഴി സൂപ്പർഫാസ്റ്റ്, എസി, ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾ ഓടിച്ചു. എസിയിൽവരെ നിന്നാണ് ആളുകൾ യാത്ര ചെയ്തത്. കോട്ടയത്തു നിന്നും പാലായിൽ നിന്നും മൂന്നു വീതം ബസുകൾ വൈറ്റിലയിലേക്കു സർവീസ് നടത്തി.

കൊടുങ്ങല്ലൂർ, തൃശൂർ, ഗുരുവായൂർ, കോഴിക്കോട് ഭാഗങ്ങളിലേക്കു സർവീസുകളുണ്ടായില്ല. സ്വകാര്യ ബസുകളും സർവീസ് നടത്തിയില്ല.

പെരുമ്പാവൂർ, മൂവാറ്റുപുഴ സർവീസുകൾ കെഎസ്ആർടിസി നടത്തി. തൊടുപുഴ, കൂത്താട്ടുകുളം, പിറവം സർവീസുകൾ പൂർണമായും പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വരുന്ന ബസുകൾ അര മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരത്തേക്കു സർവീസ് നടത്തുന്നതായി അധികൃതർ അറിയിച്ചു.